>> മുഖക്കുറിപ്പ്

# സമവാക്യങ്ങളുടെ കളി

**കേന്ദ്ര** ആഭ്യന്തരമന്ത്രി പി. ചിദംബരം കഴിഞ്ഞ ഡിസംബറിൽ ജിഹാദിനെ ഭീകരതയോട് സമീകരിച്ചുകൊണ്ട് നടത്തിയ അഭിപ്രായ പ്രകടനം വിവാദമാവുകയുണ്ടായി. ചിദംബരം വെടിവട്ടത്തിൽ വെറുതെ പറഞ്ഞതായിരുന്നില്ല ആ അഭിപ്രായം. ഉന്നത ഇന്റലിജൻസ് ഓഫീസർമാരുടെ സുപ്രധാന കോൺഫറൻസിൽ നടത്തിയ മുഖ്യ പ്രഭാഷണത്തിൽ ബോധപൂർവം തന്നെയാണ് അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചത്: "ശീതയുദ്ധം അവസാനിച്ചുവെങ്കിലും ലോകത്ത് ജിഹാദിന്റെ രൂപത്തിൽ പുതിയൊരു യുദ്ധം ആരംഭിച്ചിരിക്കുകയാണ്. ജിഹാദ് അതിന്റെ ലക്ഷ്യസാഫല്യത്തിന് ഭീകരതയെ ആയുധമാക്കി നിരപരാധികളെ ഉന്നമിട്ടുകൊണ്ടിരിക്കുന്നു."

ജിഹാദ് എന്ന സാങ്കേതിക പദത്തെയും അതിന്റെ ആശയത്തെയും കുറിച്ച് ആഭ്യന്തരമന്ത്രിയുടെ അജ്ഞതയിൽ നിന്ന് ഉടലെടുത്തതാണീ അഭിപ്രായമെന്ന് ബാഹ്യ ദൃഷ്ട്യാ വിലയിരുത്താവുന്നതാണ്. അതുകൊണ്ടാണല്ലോ ജിഹാദിന്റെ യഥാർഥ ആശയം വിശദീകരിച്ചുകൊണ്ട് തമിഴ്നാട്ടിലെ ഒരു മുസ്‌ലിം നേതാവായ ഡോ. ജവാഹിറുല്ല കത്തെഴുതിയപ്പോൾ അദ്ദേഹം തെറ്റു സമ്മതിക്കാൻ തയാറായത്. മുസ്‌ലിംകളുടെ വികാരം വ്രണപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നില്ലെന്നും ജിഹാദ് എന്ന പദം ഇക്കാലത്ത് പ്രചാരത്തിലുള്ള അർഥത്തിൽ ഉപയോഗിക്കുകയായിരുന്നുവെന്നും അദ്ദേഹം വിശദീകരിക്കുകയും ചെയ്തു. മന്ത്രിയുടെ വിശദീകരണം മുസ്‌ലിംകൾ മുഖവിലക്ക് സ്വീകരിക്കുകയും വിവാദം അവസാനിപ്പിക്കുകയും ചെയ്യേണ്ടതാണ്.

എങ്കിലും ചിദംബരത്തിന്റെ പ്രസ്താവനയും തുടർന്ന് വന്ന വിശദീകരണവും ഉൾക്കൊള്ളുന്ന പ്രശ്നം ലളിതമോ നിസ്സാരമോ അല്ല. ഒരു കേന്ദ്രമന്ത്രിയുടെ അഭിപ്രായം ഇന്ത്യാ ഗവൺമെന്റിന്റെ അഭിപ്രായമാണ്. ഇന്ത്യൻ ജനതയുടെ പ്രതിനിധിയാണ് കേന്ദ്ര മന്ത്രി. ജിഹാദിനെക്കുറിച്ച് ആഭ്യന്തരമന്ത്രി നടത്തിയ പ്രസ്താവനയും അതിന്റെ വിശദീകരണവും രാജ്യത്തിന്റെ ഉത്തരവാദപ്പെട്ടവരുടെ വിചാരഗതിയെ കുറിച്ചും പൊതുസമൂഹത്തിന്റെ ധാരണയെക്കുറിച്ചും അസ്വസ്ഥജനകമായ പലതും പറഞ്ഞുതരുന്നുണ്ട്. ജിഹാദിന്റെ ആയുധമാണ് ഭീകരത, അല്ലെങ്കിൽ ഭീകരതയുടെ ഉറവിടം ജിഹാദാണ് എന്ന സങ്കൽപം പ്രചാരത്തിൽ വന്നതെങ്ങനെ എന്നതുതന്നെ ഉറക്കെ ചിന്തിക്കേണ്ട വിഷയമാണ്.

രണ്ടു ദശകം മുമ്പ് സോവിയറ്റ് യൂനിയൻ നിലംപൊത്തുകയും ശീതയുദ്ധത്തിനന്ത്യമാവുകയും ചെയ്തപ്പോൾ അമേരിക്കൻ സാമ്രാജ്യത്വം മുന്നോട്ടുവെച്ച ഒരാശയത്തിന്റെ സ്വാധീനമാണ് വാസ്തവത്തിൽ ചിദംബരത്തിന്റെ പ്രസ്താവനയിൽ മുഴച്ചുകാണുന്നത്. ശീതയുദ്ധാനന്തര ലോക വ്യവസ്ഥയെക്കുറിച്ച് അന്ന് അമേരിക്ക നടത്തിയ പ്രഖ്യാപനങ്ങൾ പാശ്ചാത്യ ക്രൈസ്തവ ലോകത്തെങ്ങും പ്രതിധ്വനിക്കുകയുണ്ടായി. കമ്യൂണിസത്തിനെതിരെ മുതലാളിത്തം നേടിയ വിജയം ആസ്ത്രേലിയയിലെ സെൻട്രൽ ചർച്ച് ഗംഭീരമായി ആഘോഷിച്ചു. അവിടത്തെ മുഖ്യ പുരോഹിതൻ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു: "സോവിയറ്റ് യൂനിയന്റെ പരാജയം തീർച്ചയായും ആഘോഷിക്കേണ്ടതുതന്നെ. എന്നാൽ ഓർത്തിരിക്കുക, ഒരു ശത്രു മാത്രമേ ഇപ്പോൾ നശിച്ചിട്ടുള്ളൂ. ഇനിയും ഒരു ശത്രു കൂടി

ബാക്കിയുണ്ട്; കൂടുതൽ കരുത്തനായ ശത്രു. അതാണ് ഇസ്‌ലാം."

പിന്നീട് അമേരിക്കയുടെയും ഇസ്രയേലിന്റെയും രഹസ്യാന്വേഷണ ഏജൻസികൾ ഇസ്‌ലാംവിരുദ്ധ യുദ്ധത്തിന് ലോകമനസ്സാക്ഷിയെ പാകപ്പെടുത്താൻ പദ്ധതികളാവിഷ്‌കരിച്ച് നടപ്പാക്കിത്തുടങ്ങി. 9/11 സംഭവം പോലും ഈ യുദ്ധത്തിന് കളമൊരുക്കുന്ന നാടകമായിരുന്നുവെന്ന് പ്രബലമായ നിരീക്ഷണമുണ്ട്. അത് ശരിയായാലും അല്ലെങ്കിലും ആ സംഭവത്തെ പാശ്ചാത്യ സാമ്രാജ്യത്വശക്തികൾ ഇസ്‌ലാംവിരുദ്ധ യുദ്ധത്തിന് പ്രായോഗികമായി തുടക്കം കുറിക്കാൻ നല്ല ഒരവസരമായി ഉപയോഗിച്ചുവെന്നത് വസ്തുതയാണ്. ജൂനിയർ ബുഷ് അൽഖാഇദ എന്ന പേരിനെ ഇസ്‌ലാമിന്റെ പ്രതിനിധാനമായി പ്രതിഷ്ഠിച്ചു. അൽഖാഇദക്ക്– ഭീകരതക്ക്– എതിരായ പോരാട്ടം വിശാലവും വളരെ കാലം നീണ്ടുനിൽക്കുന്നതുമാണെന്ന് പ്രഖ്യാപിച്ചു. ഒരിക്കലതിനെ 'കുരിശുയുദ്ധം' എന്നുതന്നെ വിശേഷിപ്പിക്കുകയുണ്ടായി. ഈ യുദ്ധത്തിൽ തങ്ങളോടൊപ്പം നിൽക്കാത്തവരെല്ലാം തങ്ങളുടെ ശത്രുക്കളോടൊപ്പം നിൽക്കുന്നവരായി കണക്കാക്കപ്പെടുമെന്ന് താക്കീതു ചെയ്തു.

ബുഷിന്റെ ഭീഷണി ശരിക്കും ഫലിച്ചു. രണ്ടാം ലോക രാജ്യങ്ങളും മൂന്നാം ലോക രാജ്യങ്ങളും ഒന്നൊന്നായി രഹസ്യമായോ പരസ്യമായോ അമേരിക്കൻ പക്ഷത്തേക്കു നീങ്ങി. ചേരിചേരാ നയത്തിന്റെ ഉപജ്ഞാതാക്കളായ ഇന്ത്യയും അക്കൂട്ടത്തിൽ പെട്ടു. അതിൽ അത്ഭുതമില്ല. ഇസ്‌ലാമിനെതിരായ പടപ്പുറപ്പാടിൽ അമേരിക്കയെ സഹായിക്കാൻ മുസ്‌ലിം ഗവൺമെന്റുകളും മുൻപന്തിയിലുണ്ടല്ലോ. മന്ത്രി ചിദംബരം അമേരിക്കയോടുള്ള പ്രതിപത്തിക്ക് പേരു കേട്ട നേതാവാണ്. അധികാരമേറ്റ ശേഷം അമേരിക്കയുമായും ഇസ്രയേലുമായും ബന്ധം ദൃഢീകരിക്കാൻ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുകയാണദ്ദേഹം. ഇന്ന് 'വാർ ഓൺ ടെററി'ൽ അമേരിക്കയുടെ തന്ത്രപരമായ സഖ്യകക്ഷിയാണിന്ത്യ. ഇന്റലിജൻസ് ഓഫീസർമാരോടുള്ള ചിദംബരത്തിന്റെ ഉദ്ബോധനം അമേരിക്ക വളർത്തിയെടുത്ത വിചാരഗതിയുടെ ചുവടുപിടിച്ചുള്ളതായിരുന്നു. ജിഹാദിനെ അപകീർത്തിപ്പെടുത്തുക ഭീകരവിരുദ്ധ യുദ്ധത്തിന്റെ മുഖ്യ തന്ത്രങ്ങളിലൊന്നാണ്. ഇസ്‌ലാം=അൽഖാഇദ, അൽഖാഇദ= ജിഹാദ്, ജിഹാദ്=ഭീകരത ഈ സമവാക്യ ശ്രേണിയിലെ ഇടക്കണ്ണികൾ ഇസ്‌ലാമിനെ ഭീകരതയിലെത്തിക്കാനുള്ള കണ്ണികളാണ്. അങ്ങനെ ഭീകരവിരുദ്ധ യുദ്ധം ഇസ്‌ലാംവിരുദ്ധ യുദ്ധമാകുന്നു.

മുസ്‌ലിം ലോകത്ത് അങ്ങിങ്ങായി ഒറ്റപ്പെട്ട ഗ്രൂപ്പുകൾ നടത്തുന്ന തീവ്രവാദ പ്രവർത്തനങ്ങൾ ഈ സാമ്രാജ്യത്വ അജണ്ടയുടെ വിജയത്തിലേക്ക് വിലപ്പെട്ട സംഭാവനകളാണ് അർപ്പിച്ചുകൊണ്ടിരിക്കുന്നത്. സ്ഫോടനങ്ങൾ നടക്കുന്നത് തെരുവിലായാലും തീവണ്ടിയിലായാലും അത് ആദ്യം തകർക്കുന്നത് പൊതുസമൂഹത്തിൽ ഇസ്‌ലാമിനോടും മുസ്‌ലിംകളോടുമുള്ള സന്മനസ്സിനെയാണ്. തീവ്രവാദത്തെയും ഭീകരതയെയും രൂക്ഷമായി വെറുക്കുകയും എതിർക്കുകയും ചെയ്യുന്ന 99 ശതമാനം മുസ്‌ലിംകൾ ഈ സ്ഫോടനങ്ങളുടെ തീയിലും പുകയിലും അദൃശ്യരാവുകയും തീവ്രവാദികൾ മാത്രം ജ്വലിച്ചു നിൽക്കുകയും ചെയ്യുന്നു.

വിചാരശീലരും വിവേകമതികളുമായ ആളുകൾക്ക്, രാജ്യം ഭരിക്കുന്ന അധികാരികൾക്കെങ്കിലും 99 ശതമാനം വരുന്ന സമാധാനപ്രിയരായ സാധാരണ മുസ്‌ലിംകളെ കാണാൻ കഴിയേണ്ടതുണ്ട്. അതിനുള്ള സാഹചര്യമൊരുക്കേണ്ടത് സമുദായത്തിന്റെ ഉത്തരവാദിത്വമാണ്. മന്ത്രി ചിദംബരത്തിന്റേതുപോലെ, ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിൽനിന്ന് അബദ്ധജടിലമായ അഭിപ്രായങ്ങൾ ഉയർന്നുവരുമ്പോൾ അതിനെ തെറ്റുധാരണകൾ ദൂരീകരിക്കാനും ഇസ്‌ലാമിക സംജ്ഞകളുടെ യാഥാർഥ്യത്തെക്കുറിച്ച് പൊതുസമൂഹത്തെ ബോധവത്കരിക്കാനും ഉചിതമായ സന്ദർഭമായി ഉപയോഗിക്കാൻ മുസ്‌ലിം നേതൃത്വത്തിന് കഴിയണം. ■